കല്പട ജലസേചനപദ്ധതി

* 71. [14] ശ്രീ. ഡി. ദാമോദരൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്പട ജലസേചനപദ്ധതിക്ക് കൂടുതൽ തുക അനുവദിച്ചുകിട്ടേണ്ട കാര്യം പ്ലാനിംഗ് കമ്മീഷന്റെയും കേന്ദ്രഗവണ്മെന്റിന്റെയും ശ്രദ്ധയിൽ ഈ ഗവണ്മെന്റു കൊണ്ടുവന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു മറുപടിയാണു് ലഭിച്ചതു് ;

(സി) ഈ പദ്ധതി വളരെ വേഗം പുരോഗമിപ്പിക്കുന്നതിനുള്ള സത്വര നടപടികളും എടുക്കുവാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ, ബി) ഇറിഗേഷനു് ഇപ്പോഴുള്ള വിഹിതം, പുതിയ പദ്ധതികളിൽ ഒന്നിനേറെയും പണി ത്വരിതപ്പെടുത്തുവാൻ മതിയാകാത്തതായതുകൊണ്ടു് കൂടുതൽ തുക അനുവദിക്കണമെന്നു് കേന്ദ്രഗവണ്മെന്റിനോടു് അപേക്ഷിച്ചിട്ടുണ്ടു്. ഈ കാര്യം സംബന്ധിച്ചു് അവസാനതീരുമാനം ഇതുവരെയും അറിയിച്ചിട്ടില്ല.

(സി) മുകളിൽ പറഞ്ഞ സാമ്പത്തിക പരിമിതിക്കകത്തു് കിട്ടാവുന്നിടത്തോളം പുരോഗതി കൈവരുത്തുവാൻ നടപടികളും എടുത്തിട്ടുണ്ടു്.

ഹെഡ്കാൺസ്റ്റബിളുമാരായി പ്രമോഷൻ കൊടുക്കുന്നതിനുള്ള പരീക്ഷ.

* 72. [16] ശ്രീ. എൻ. ഗോപാലക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസു് കാൺസ്റ്റബിളുമാർക്കു് ഹെഡ്കാൺസ്റ്റബിളുമാരായി പ്രമോഷൻ കൊടുക്കുന്നതിനു എന്തെങ്കിലും പരീക്ഷ നടത്താറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്റ്റേറ്റു അടിസ്ഥാനത്തിലോ ഡിസ്ട്രിക്കു് അടിസ്ഥാനത്തിലോ;

(സി) ഒരേ പരീക്ഷയിൽത്തന്നെ ജയിക്കുന്നവരുടെ ഒന്നിലധികം ലിസ്റ്റുകളും ഉണ്ടാക്കാറുണ്ടോ;

(ഡി) കഴിഞ്ഞ ടെസ്റ്റു നടന്നതെന്നാണു്;

(ഈ) അതിൽ എത്ര ലിസ്റ്റുകളും പ്രസിദ്ധപ്പെടുത്തി;

(എഫ്) അവർക്കെല്ലാം പ്രമോഷൻ കൊടുത്തുകഴിഞ്ഞോ;

(ജി) ഈ ലിസ്റ്റുകളും പിന്നീടു് റദ്ദാക്കിയിട്ടുണ്ടോ ;

(എച്ചു്) ഉണ്ടെങ്കിൽ കാരണമെന്തു് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ടു്.

(ബി) ഡിസ്ട്രിക്ടു് അടിസ്ഥാനത്തിൽ.

(സി) സാധാരണ ഒരേ പരീക്ഷയിൽ ജയിച്ചവരുടെ ഒന്നിലധികം ലിസ്റ്റുകളും ഉണ്ടാക്കാറില്ല.

(ഡി) തെക്കൻമേഖലയിൽ 1963 വർഷത്തിലെ അവസാനത്തെ ടെസ്റ്റു് നടന്നതു് 18-2-1963-ലാണു്. വടക്കൻമേഖലയിൽ 1963-ൽ ടെസ്റ്റു നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly